ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 AM** പ്രധാനവാർത്തകൾ **DATE:05.04.2025**

1. പ്രധാനമന്ത്രി നരേന്ദ്രമോദി ശ്രീലങ്കൻ പ്രസിഡന്റ് അനുരകുമാര ദിസനായകയുമായി കൊളംബോയിൽ കൂടിക്കാഴ്ച നടത്തി.

2. മാലിന്യ മുക്ത ജില്ലയായി ആലപ്പുഴയും കോഴിക്കോടും കണ്ണൂരും. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായാണ് പ്രഖ്യാപനം.

3. അന്താരാഷ്ട്ര സ്പോർട്സ് ഇൻസ്റ്റ്യൂട്ട് കാലിക്കറ്റ് സർവകലാശാല ക്യാംപസിൽ ഉടൻ തുടങ്ങുമെന്ന് മന്ത്രി വി അബ്ദുറഹിമാൻ

4. സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത

5. ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് രണ്ടു മത്സരങ്ങൾ. ചെന്നൈ സൂപ്പർ കിങ്സ് ഡൽഹി ക്യാപിറ്റൽസിനെയും പഞ്ചാബ് കിങ്സ് രാജസ്ഥാൻ റോയൽസിനെ നേരിടും.

*****************************************************************

RNU TVM

## പ്രധാനമന്ത്രി-ശ്രീലങ്ക

പ്രധാനമന്ത്രി നരേന്ദ്രമോദി ശ്രീലങ്കൻ പ്രസിഡന്റ് അനുരകുമാര ദിസനായകയുമായി കൊളംബോയിൽ കൂടിക്കാഴ്ച നടത്തി. ദിസനായകയുടെ ക്ഷണപ്രകാരമാണ് ശ്രീ മോദി മൂന്നു ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ശ്രീലങ്കയിൽ എത്തിയത്. ആരോഗ്യം, ഡിജിറ്റൈസേഷൻ, പ്രതിരോധം, ഊർജ്ജം തുടങ്ങിയ മേഖലകളിൽ ഉഭയകക്ഷി ബന്ധമാണ് പ്രധാന ചർച്ച വിഷയം.

************************************

## ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ 2025

ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ 2025, ബോയിലേഴ്സ് ബിൽ 2024 എന്നിവയ്ക്ക് രാഷ്ട്രപതി ദ്രൗപദി മുർമ്മു അംഗീകാരം നൽകി. ഇന്ത്യയിലെക്കുള്ള വിദേശികളുടെ പ്രവേശനം, താമസം തുടങ്ങിയവ നിയന്ത്രിക്കുന്നത് ലക്ഷ്യമിട്ടുള്ളതാണ് ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ. ബോയിലറുകളുടെ നിയന്ത്രണം, ബോയിലറുകൾ മൂലമുള്ള അപകടം എന്നിവ ഒഴിവാക്കി ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കാനാണ് ബോയിലേഴ്സ് ബിൽ ലക്ഷ്യമിടുന്നത്.

************************************

## കോഴിക്കോട് - മാലിന്യമുക്ത ജില്ല

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി കണ്ണൂർ, ആലപ്പുഴ ജില്ലകളെ മാലിന്യമുക്ത ജില്ലയായി പ്രഖ്യാപിച്ചു. ആലപ്പുഴയിൽ മന്ത്രി പി. പ്രസാദും കണ്ണൂരിൽ മന്ത്രി രാമചന്ദ്രൻ കടന്നപള്ളിയുമാണ് പ്രഖ്യാപനം നടത്തിയത്. ജില്ലകളിലെ മുഴുവൻ തദ്ദേശ സ്വയംഭരണ

RNU TVPM

സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, തുടങ്ങിയവയ്ക്ക് ഹരിത പദവി പ്രഖ്യാപനം പൂർത്തിയായ സാഹചര്യത്തിലാണ് ജില്ലാതല പ്രഖ്യാപനം നടത്തിയത്. അതേസമയം, കോഴിക്കോടിനെയും മാലിന്യ മുക്ത ജില്ലയായി ഇന്ന് പ്രഖ്യാപിക്കും. വൈകുന്നേരം മന്ത്രി എ കെ ശശീന്ദ്രൻ പ്രഖ്യാപനം നടത്തും.

************************************

**കേരളോത്സവം 2025**

സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന കേരളോത്സവം 2025 നു ഈ മാസം 8 നു കോതമംഗലത്ത് തുടക്കമാകും. കേരളോത്സവത്തിന്റെ തീം സോങ്ങ് മന്ത്രി റോഷി അഗസ്റ്റിൻ പ്രകാശനം ചെയ്തു. നാല് ദിവസം നീണ്ടു നിൽക്കുന്ന കേരളോത്സവം 11 നു സമാപിക്കും.

RNU TVPM

************************************

**സർക്കാർ വാർഷികം - എന്റെ കേരളം**

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന എൻറെ കേരളം പ്രദർശന വിപണമേളയുടെ ഓദ്യോഗിക പോസ്റ്റർ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ ഇന്ന് കാസർകോട്ട് പ്രകാശനം ചെയ്യും. നാലാം വാർഷിക പരിപാടികളുടെ സംസ്ഥാന തല ഉദ്ഘാടനം ഈ മാസം 21ന് മുഖ്യമന്ത്രി പിണറായി വിജയൻ കാലിക്കടവ് മൈതാനത്ത് ഉദ്ഘാടനം ചെയ്യും.

************************************

**ലഹരി വിരുദ്ധ കാമ്പയിൻ-ഇടുക്കി**

സംസ്ഥാനസർക്കാരിന്റെ ലഹരി വിരുദ്ധ കാമ്പയിന്റെ ഭാഗമായി സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ ഇടുക്കി ജില്ലയിൽ സംഘടിപ്പിക്കുന്ന പ്രചരണ പരിപാടികൾ ഈ മാസം 8 ന് മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യും. ജില്ലാ പഞ്ചായത്ത് ഹാളിൽ ചേരുന്ന യോഗത്തിൽ ജില്ലാ കളക്ടർ വി. വിഘ്നേശ്വരി അദ്ധ്യക്ഷത വഹിക്കും.

***********************************

## ഏകദിന സ്പോർട്സ് കോൺക്ലേവ്

അന്താരാഷ്ട്ര സ്പോർട്സ് ഇൻസ്റ്റ്യൂട്ട് കാലിക്കറ്റ് സർവകലാശാല ക്യാംപസിൽ ഉടൻ തുടങ്ങുമെന്ന് മന്ത്രി വി അബ്ദുറഹിമാൻ. കായിക കേരളത്തിന്റെ കുതിപ്പും കിതപ്പും എന്ന വിഷയത്തിൽ കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിലും കാലിക്കറ്റ് പ്രസ് ക്ലബും സംയുക്തമായി സംഘടിപ്പിക്കുന്ന ഏകദിന സ്പോർട്സ് കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഇതു സംബന്ധിച്ച് വിവിധ രാജ്യങ്ങളിലെ സർവകലാശാലകളുമായി ചർച്ച നടത്തിയതായും മന്ത്രി പറഞ്ഞു.

***********************************

## തൊടുപുഴ-നഗരസഭ ചെർമാൻ

തൊടുപുഴ നഗരസഭാ ചെയർമാനായി യു.ഡി.എഫിലെ കെ.ദീപക് തിരഞ്ഞെടുക്കപ്പെട്ടു. 12 നെതിരെ 14 വോട്ടുകൾക്കാണ് കെ. ദീപക് ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടത്. ചെയർമാൻ തിരഞ്ഞെടുപ്പിൽ നിന്ന് ബി.ജെ.പിയുടെ എട്ട് അംഗങ്ങളും വിട്ട് നിന്നു.

***********************************

RNU TVPM

## കെ സ്മാർട്ട്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങൾ ഏകീകൃത പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്ന കെ-സ്മാർട്ട് സംവിധാനം സംസ്ഥാനത്ത് ഈ മാസം 10 മുതൽ പൂർണസജ്ജമാകും. ksmart.lsgkerala.gov.in വെബ്സൈറ്റിലൂടെയും മൊബൈൽ ആപ്ലിക്കേഷനിലൂടെയും സേവനങ്ങൾ ലഭിക്കും.

************************************

## ആശ വർക്ക

തിരുവനന്തപുരത്ത് സമരം തുടരുന്ന ആശമാരുടെ ഓണറേറിയം വർധിപ്പിക്കാൻ കമ്മീഷനെ വയ്ക്കണമെന്ന നിലപാട് കോൺഗ്രസിനില്ലെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. ഇതുമായി ബന്ധപ്പെട്ട് INTUC നേതാവ് നടത്തിയ പരാമർശം പരിശോധിക്കുമെന്ന് അദ്ദേഹം മാധ്യമപ്രവർത്തകരോട് പറഞ്ഞു. അതേസമയം, ആശമാരുടെ സമരം ഇന്ന് 55-ാം ദിവസത്തിലേക്കും അനിശ്ചിതകാല നിരാഹാര സമരം 17-ാം ദിവസത്തിലേക്കും കടന്നു.

RNU TVPM

************************************

## ഇടുക്കി- തൊഴിലുറപ്പ് പദ്ധതി (ഇൻട്രോ)

തൊഴിലുറപ്പ് പദ്ധതിയിലൂടെ ഇടുക്കി മറയൂരിൽ 16 ഗോത്രവർഗ ഗ്രാമങ്ങളിലെ ആയിരം ഏക്കർ തരിശുഭൂമി വിളനിലമായി. ഇവിടെ നടത്തിയ വിളവെടുപ്പിലൂടെ ടൺ കണക്കിന് പച്ചക്കറി ഉൽപ്പന്നങ്ങൾ ഇതിനോടകം വിപണിയിൽ എത്തിക്കാൻ ഗോത്രസമൂഹത്തിന് കഴിഞ്ഞു.

ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്...

(വോയിസ്)

************************************

മഴ

ചക്രവാതച്ചുഴിയുടെ സ്വാധീനത്തിൽ സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കന്യാകുമാരി തീരത്ത് ഇന്ന് ഉയർന്ന തിരമാലക്കും കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

RNU TVPM

************************************

ഐ പി എൽ

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് രണ്ടു മത്സരങ്ങൾ. ആദ്യ മത്സരത്തിൽ ചെന്നൈ സൂപ്പർ കിങ്സ് ഡൽഹി ക്യാപിറ്റൽസിനെ നേരിടും. വൈകുന്നേരം 3.30 നു ചെന്നൈയിലാണ് മത്സരം. ചണ്ഡീഗഡിൽ നടക്കുന്ന രണ്ടാം മത്സരത്തിൽ പഞ്ചാബ് കിങ്സ് രാജസ്ഥാൻ റോയൽസിനെ നേരിടും. രാത്രി 07.30 നാണു മത്സരം.

************************************

നിപ

കോഴിക്കോട് മെഡിക്കൽ കോളെജിൽ നിരീക്ഷണത്തിലുള്ള സ്ത്രീയുടെ നിപ പരിശോധന ഫലം നെഗറ്റീവ്. മലപ്പുറത്ത് നിന്നും റഫർ ചെയ്ത സ്ത്രീക്കാണ് രോഗമില്ലെന്ന് പരിശോധനയിൽ വ്യക്തമായത്.

*************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

*************************************

## കെ രാജൻ-വൈദികൻ

ജബൽപൂരിൽ ആക്രമണത്തിന് ഇരയായ മലയാളി വൈദികൻ ഡേവിസ് ജോർജ്ജിന് പിന്തുണയറിയിച്ച് സംസ്ഥാന സർക്കാർ. മന്ത്രി കെ രാജൻ ഫാ ഡേവിസിന്റെ കുട്ടനല്ലൂരിലെ വീട്ടിൽ വീണ്ടും സന്ദർശനം നടത്തി. വൈദികനുമായി മന്ത്രി വീഡിയോ കോളിലൂടെ സംസാരിച്ചു.

*************************************

## വിഷു വിപണന മേള - കണ്ണൂർ

വനിതാ വ്യവസായ സമിതിയും കുടുംബശ്രീയും സംയുക്തമായി ഒരുക്കിയ വിഷു വിപണന മേള കണ്ണൂർ ടൗൺ സ്ക്വയറിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. വനിതകൾക്ക് വ്യാവസായിക രംഗത്തും നിർമാണ രംഗത്തും ശ്രദ്ധേയമായ സംഭാവനകൾ നൽകാൻ

RINU TVPM

സാധിക്കുമെന്നതിന്റെ തെളിവാണ് ഇത്തരം വിപണന മേളകളെന്ന് മന്ത്രി പറഞ്ഞു. ഏപ്രിൽ 13 വരെ നടക്കുന്ന വിപണന മേളയിൽ 64 സ്റ്റാളുകളാണ് ഒരുക്കിയിരിക്കുന്നത്.

************************************

## വിലങ്ങാട് - നിർമാണ പ്രവൃത്തി വിലക്ക്

കോഴിക്കോട്ടെ വിലങ്ങാട് ഉൾപ്പെടെ വാണിമേൽ പഞ്ചായത്തിലെ മൂന്ന് വാർഡുകളിൽ ജില്ലാ കലക്ടർ നിർമാണ പ്രവൃത്തികൾക്ക് വിലക്കേർപ്പെടുത്തി. വിലങ്ങാട് പുനരധിവാസ പ്രവർത്തന അവലോകന യോഗത്തിലാണ് തീരുമാനം.

************************************

## കേന്ദ്ര സ്വദേസ് ദർശൻ പദ്ധതി

കേന്ദ്ര സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ മലമ്പുഴ ഉദ്യാനവും പാർക്കും നവീകരിക്കും. സംസ്ഥാന സർക്കാരിന്റെ പദ്ധതിക്ക് കേന്ദ്രനുമതി ലഭിച്ചതോടെയാണ് നവീകരണ പ്രവർത്തനങ്ങൾ നടപ്പാക്കാൻ ഒരുങ്ങുന്നത്. 75 കോടിയോളം രൂപയയുടെ നവീകരണ പ്രവർത്തനങ്ങളാണ് മലമ്പുഴയിൽ നടപ്പാക്കുക.

************************************

## ന്യൂനപക്ഷ കമ്മീഷൻ സിറ്റിംഗ്

ആലപ്പുഴയിൽ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ഇന്ന് സിറ്റിംഗ് നടത്തും. ഉച്ചകഴിഞ്ഞ് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടക്കുന്ന സിറ്റിംഗിൽ ജില്ലയിൽ നിന്ന് നേരിട്ട് പരാതികൾ സ്വീകരിക്കുന്നതോടൊപ്പം വാട്ട്സ് ആപ്പ് നമ്പർ മുഖേനയും ഓൺലൈനായും അപേക്ഷകൾ സമർപ്പിക്കാം.

PRD TVPM

## ലഹരി-അമ്മമാരുടെ കൂട്ടായ്മ

ലഹരി ഉപയോഗത്തിനും അക്രമങ്ങൾക്കുമെതിരെ കണ്ണൂരിൽ രൂപീകരിച്ച അമ്മമാരുടെ കൂട്ടായ്മ -മദേഴ്സ് ആർമിയുടെ നേതൃത്വത്തിൽ വൈകിട്ട് രാത്രി നടത്തം സംഘടിപ്പിക്കും. പയ്യാമ്പലത്ത് മുൻ DGP ഋഷിരാജ് സിംഗ് പരിപാടി ഉദ്ഘാടനം ചെയ്യും.

************************************

## സ്വർണവില

സ്വർണവില കുറഞ്ഞു. സ്വർണം ഗ്രാമിന് 90 രൂപ കുറഞ്ഞു 8,310 രൂപയും, പവന് 720 രൂപ താഴ്ന്നു 66,480 രൂപയുമാണ് ഇന്നത്തെ വില.

************************************

RIJUTVPM

## അശ്വിനി വൈഷ്ണവ്-തമിഴ്നാട്

കേന്ദ്ര റെയിൽവേമന്ത്രി അശ്വിനി വൈഷ്ണവിന്റെ രണ്ട് ദിവസത്തെ തമിഴ്നാട് സന്ദർശനത്തിന് ഇന്ന് തുടക്കം. നവീകരിച്ച പാമ്പൻ റെയിൽ പാലത്തിന്റെ അവസാനഘട്ട ഒരുക്കങ്ങൾ നിരീക്ഷിക്കാൻ അദ്ദേഹം രാമേശ്വരം സന്ദർശിക്കും. റെയിൽ പാലം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ രാജ്യത്തിന് സമർപ്പിക്കും. കേന്ദ്രസഹമന്ത്രി എൽ. മുരുകനും ചടങ്ങിൽ പങ്കെടുക്കും.

************************************

## കണ്ണൂർ-എംഡിഎംഎ

കണ്ണൂർ പറശ്ശിനിക്കടവിനടുത്ത് ലോഡ്ജിൽ മുറിയെടുത്ത് ലഹരി ഉപയോഗം നടത്തിയ യുവതി യുവാക്കളെ എം ഡി എം എയുമായി എക്സൈസ് സംഘം പിടികൂടി. മട്ടന്നൂർ സ്വദേശി

മുഹമ്മദ് ഷംനാദ്, വളപട്ടണം സ്വദേശി മുഹമ്മദ് ജെംഷിൽ, ഇരിക്കൂർ സ്വദേശിനീ റഫീന, കണ്ണൂർ സ്വദേശിനി ജസീന എന്നിവരെയാണ് പിടികൂടിയത്.

************************************

## മംഗളാദേവി ചിത്രാപൗർണമി ഉത്സവം

അടുത്ത മാസം 12 ന് നടക്കുന്ന മംഗളാദേവി ചിത്രാപൗർണമി ഉത്സവം സുഗമവും സുരക്ഷിതവുമായി നടത്തുന്നതിന് ഇടുക്കി-തേനി ജില്ലാ ഭരണകൂടങ്ങളുടെ നേതൃത്വത്തിൽ അന്തർ സംസ്ഥാനയോഗം ചേർന്നു. പെരിയാർ കടുവ സങ്കേതത്തിനുള്ളിൽ സ്ഥിതിചെയ്യുന്ന ക്ഷേത്രത്തിൽ ഉത്സവത്തിന് എത്തുന്ന ഭക്തർക്ക് സുഗമമായ ദർശനത്തിനുള്ള എല്ലാ സംവിധാനങ്ങളും ഒരുക്കുമെന്ന് അധികൃതർ അറിയിച്ചു.

RNU TVPM

************************************

## തിരുമാന്ധാംകുന്ന്-പൂരോത്സവം

മലപ്പുറം അങ്ങാടിപ്പുറം തിരുമാന്ധാംകുന്ന് പൂരോത്സവത്തിൻറെ മൂന്നാം ദിനമായ ഇന്ന് വൈകിട്ട് ഉത്സവകൊടിയേറ്റം നടക്കും. മൂന്നാംപൂര ദിനമാണ് തിരുമാന്ധാംകുന്നിൽ ഉത്സവകൊടിയേറ്റം. രണ്ടാം ദിനമായ ഇന്നലെ നടന്ന സാംസ്കാരിക സമ്മേളനം മന്ത്രി എ കെ ശശീന്ദ്രൻ ഉദ്ഘാടനംചെയ്തു.

************************************

## എം ബി രാജേഷ്

സംസ്ഥാനത്തെ ഹരിതകർമ്മസേനയ്ക്ക് ചുരുങ്ങിയ കാലയളവിനുള്ളിൽ 88.27 ലക്ഷം വീടുകളിൽ നിന്നും

സ്ഥാപനങ്ങളിൽ നിന്നും അജൈവമാലിന്യം ശേഖരിക്കാനായതായി മന്ത്രി എം ബി രാജേഷ്. ഇക്കഴിഞ്ഞ മാർച്ചിലെ ഹരിതമിത്രം ആപ്പ് പ്രകാരമുള്ള കണക്കാണിത്.

*

***************

************************************************************

RNU TVPM